**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5015** | **20-07-2022 - ൽ മറുപടിയ്ക്ക്**

**പുഴപുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എറണാകുളം, ചേരാനല്ലൂർ വില്ലേജുകളിലായി ഷണ്മുഖപുരം, ജനകീയറോഡ് എന്നീ പുഴപുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | എറണാകുളം ജില്ല കണയന്നൂർ താലൂക്കിലെ എറണാകുളം ചേരാനെല്ലൂർ വില്ലേജുകളിൽ ഉൾപ്പെട്ടുവരുന്ന ഷണ്മുഖപുരം കോളനിയിലെ നിവാസികൾ പതിവിനു അപേക്ഷിച്ചിട്ടുള്ള ഭൂമി പുഴ പുറമ്പോക്കിൽ ഉൾപ്പെട്ടു വരുന്നതാണ്. പുഴ പുറമ്പോക്ക് പതിച്ചു നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ 07/07/1997ലെ സ.ഉ.(എം.എസ്)511/97/റവ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പുഴ പുറമ്പോക്കിലെ കൈവശക്കാർക്ക് കൈവശരേഖ നൽകുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു.<br><br>26/03/2018ലെ സ.ഉ.(കൈ)124/2018/റവ ഉത്തരവ് പ്രകാരം വടുതല ജനകീയ കോളനിയിലെ (ജനകീയ റോഡ്) 179 കുടുംബങ്ങളിലെ അർഹരായവർക്ക് പട്ടയം നല്കുന്നതിന് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹരായ 167 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. മറ്റു അപേക്ഷകർ അന്യസംസ്ഥാനക്കാരും വളരെ കുറച്ചു വർഷങ്ങൾ മാത്രം ഭൂമി കൈവശം വച്ച് വരുന്നവരുമാണ്. ടി ആളുകളുടെ പതിവപേക്ഷയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് താലൂക്കിലേക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതുപോലെ അപേക്ഷകർ പതിവിനർഹരാണെങ്കിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. നിലവിലുള്ള നിയമപ്രകാരം പതിച്ചു നൽകുന്നതിന് കഴിയാത്ത വസ്തുക്കൾക്ക് അപേക്ഷ ലഭിക്കുന്ന മുറക്ക് കൈവശ രേഖ നൽകുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. പതിച്ചു നൽകാവുന്ന വസ്തുക്കളുടെ പതിവ് നടപടികൾ |

| | | | |
|---|---|---|---|
| | | | ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പട്ടയം നൽകുന്നതിന് കാലതാമസം ഉണ്ടെങ്കിൽ കൈവശാവകാശരേഖ നൽകുന്നതിനുള്ള നടപടി ഉണ്ടാകുമോ? | (ബി) | എറണാകുളം ജില്ല കണയന്നൂർ താലൂക്കിലെ എറണാകുളം ചേരാനെല്ലൂർ വില്ലേജുകളിൽ ഉൾപ്പെട്ടുവരുന്ന ഷണ്മുഖപുരം കോളനിയിലെ നിവാസികൾ പതിവിനു അപേക്ഷിച്ചിട്ടുള്ള ഭൂമി പുഴ പുറമ്പോക്കിൽ ഉൾപ്പെട്ടു വരുന്നതാണ്. പുഴ പുറമ്പോക്ക് പതിച്ചു നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ 07/07/1997ലെ സ.ഉ.(എം.എസ്).511/97/റവ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പുഴ പുറമ്പോക്കിലെ കൈവശക്കാർക്ക് കൈവശരേഖ നൽകുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു.<br><br>26/03/2018 ലെ സ.ഉ.(കൈ).124/2018/റവ ഉത്തരവ് പ്രകാരം വടുതല ജനകീയ കോളനിയിലെ (ജനകീയ റോഡ്) 179 കുടുംബങ്ങളിലെ അർഹരായവർക്ക് പട്ടയം നല്കുന്നതിന് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹരായ 167 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. മറ്റു അപേക്ഷകർ അന്യസംസ്ഥാനക്കാരും വളരെ കുറച്ചു വർഷങ്ങൾ മാത്രം ഭൂമി കൈവശം വച്ച് വരുന്നവരുമാണ്. ടി ആളുകളുടെ പതിവപേക്ഷയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് താലൂക്കിലേക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതുപോലെ അപേക്ഷകർ പതിവിനർഹരാണെങ്കിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. നിലവിലുള്ള നിയമപ്രകാരം പതിച്ചു നൽകുന്നതിന് കഴിയാത്ത വസ്തുക്കൾക്ക് അപേക്ഷ ലഭിക്കുന്ന മുറക്ക് കൈവശ രേഖ നൽകുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. പതിച്ചു നൽകാവുന്ന വസ്തുക്കളുടെ പതിവ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ